# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5486** | **27.03.2018 ൽ മറുപടിയ്ക്ക്**

**ഒരു ലക്ഷം യുവജനങ്ങൾക്കായുള്ള പ്രത്യേക തൊഴിൽദാന പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അനിൽ അക്കര**<br>**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | **ശ്രീ. വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| എ) | ഒരു ലക്ഷം യുവജനങ്ങൾക്കായുള്ള പ്രത്യേക തൊഴിൽദാന പദ്ധതിയിൽ ഉൾപ്പെട്ട അംഗങ്ങൾക്ക് പെൻഷൻ നൽകുന്നതിനുള്ള തീരുമാനം നടപ്പിലാക്കിയിട്ടുണ്ടോ; | എ) & ബി) | ഉണ്ട്.<br>ഇതിനകം 86 പേർക്ക് പെൻഷനും ഗ്രാറ്റുവിറ്റിയും നൽകിയിട്ടുണ്ട്. |
| ബി) | ഇതിനകം എത്രപേർക്ക് പ്രസ്തുത പദ്ധതി പ്രകാരം പെൻഷൻ നൽകി; | | |
| സി) | പ്രസ്തുത പദ്ധതിയിൽ കൂടുതൽ അംഗങ്ങളെ കൂടി ഉൾപ്പെടുത്തി കർഷക ക്ഷേമബോർഡ് രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | സി) | ഒരു ലക്ഷം യുവജനങ്ങൾക്കായുള്ള പ്രത്യേക തൊഴിൽദാന പദ്ധതി 1994-ൽ മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ. തുടർ വർഷങ്ങളിൽ പദ്ധതി നടപ്പാക്കാത്തതു കാരണം കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്തിയിട്ടില്ല. കർഷക ക്ഷേമ ബോർഡ് രൂപീകരണം അന്തിമ ഘട്ടത്തിലാണ്. പ്രസ്തുത ബോർഡിന്റെ നിർദ്ദിഷ്ട ചട്ടത്തിലെ വ്യവസ്ഥ പ്രകാരം യോഗ്യരായ എല്ലാ കർഷകർക്കും കർഷക ക്ഷേമബോർഡിൽ അംഗമാകാവുന്നതാണ്. |

Mayal

സെക്ഷൻ ഓഫീസർ